(ബി&സി) 54 ലക്ഷം രൂപയ്ക്ക് നബാർഡ് അംഗീകരിച്ച പ്രസ്തുത പ്രവൃത്തിയുടെ 86 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് നബാർഡിന്റെ അംഗീകാരത്തിനായി നൽകുകയും പദ്ധതി എല്ലാത്തരത്തിലും പൂർത്തീകരിച്ചതിനു ശേഷം മാത്രമേ പുതുക്കിയ എസ്റ്റിമേറ്റ് പരിഗണിക്കാനാവൂ എന്ന് നബാർഡ് അറിയിക്കുകയും ചെയ്തിരുന്നു. പിന്നീട് നബാർഡ് 1997-98-ൽ ആർ.ഐ.ഡി.എഫ്.-3-ൽ അനുവദിച്ച പ്രവൃത്തി രണ്ട് വർഷംകൊണ്ട് പൂർത്തീകരിക്കേണ്ടതായിരുന്നുവെന്നും അതിനുശേഷമുണ്ടായ പി.ഡബ്ല്യൂ.ഡി.യുടെ നിരക്ക് വർദ്ധന അംഗീകരിച്ച് പുതുക്കിയ എസ്റ്റിമേറ്റ് അനുവദിക്കാൻ കഴിയുകയില്ലെന്നും അറിയിച്ചിട്ടുണ്ട്. അതിനുശേഷം ഗ്രാമവികസന കമ്മീഷണർ മുഖാന്തിരം സമർപ്പിച്ച പ്രസ്തുത പ്രവൃത്തിയുടെ 86 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സർക്കാരിന്റെ പരിശോധനയിലാണ്.

നബാർഡിൽ നിന്ന് അനുമതി ലഭിച്ച വർക്കുകൾ

144 (2276) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ആർ.ഐ.ഡി.എഫ്.-4-ൽ ഉൾപ്പെടുത്തി നബാർഡിൽ നിന്ന് എത്ര പ്രവൃത്തികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട് ; അവയിൽ എത്ര പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) പണി പൂർത്തീകരിച്ച പ്രവൃത്തികളുടെ മുഴുവൻ തുകയും നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത തുക നൽകുന്നതിന് ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) താഴെപറയുന്ന രണ്ട് പ്രവൃത്തികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

1. കുണ്ടുകുഴി പാലം - കാസർഗോഡ്
ഉതുപ്പുകല്ല് റോഡ് ബ്ലോക്ക്

2. ഷിറിയ അണക്കെട്ട് - മഞ്ചേശ്വരം
റോഡ് ബ്ലോക്ക്

ഇവയിൽ കുണ്ടുകുഴി പാലം ഉതുപ്പുകല്ല് റോഡ് പണി പൂർത്തിയായിട്ടുണ്ട്.

(ബി&സി) കുണ്ടുകുഴി-പാലം ഉതുപ്പുകല്ല് റോഡ് പണിയുടെ നബാർഡ് അംഗീകരിച്ച തുകയായ 66.68 ലക്ഷം രൂപയിൽ നബാർഡ് വിഹിതമായ 60.01 ലക്ഷം രൂപയും നബാർഡ് അനുവദിക്കുകയും ഈ തുക ബ്ലോക്ക് പഞ്ചായത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റോഡിന്റെ 83 ലക്ഷം രൂപയുടെ കോസ്റ്റ് എസ്കലേഷൻ പ്രൊപ്പോസൽ, 14.82 ലക്ഷം രൂപയുടെ റീ ഇംബേഴ്സ്മെന്റ് ക്ലെയിം ഉൾപ്പെടെ 29-7-2002-ൽ അനന്തര നടപടികൾക്കായി നബാർഡിലേക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly